"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി - വയനാട് ജില്ലയിലെ വേങ്ങപ്പള്ളി, തരിയോട്, കോട്ടത്തറ, പൊഴുതന, കണിയാമ്പറ്റ എന്നീ കൃഷിഭവൻ പരിധികളിലെ നെൽകൃഷിയിൽ കീടരോഗബാധ മൂലമുള്ള വിളനാശം - എയിംസ് (AIMS) പോർട്ടലിൽ FIR രജിസ്റ്റർ ചെയ്യുന്നതിനും കർഷകർക്ക് ഇൻഷ്വറൻസ് അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിനുമുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.702/2026/AGRI    തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:-    1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19.07.2026 തീയതിയിലെ ADFW/2797/2026-TR2 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി, തരിയോട്, കോട്ടത്തറ, പൊഴുതന, കണിയാമ്പറ്റ എന്നീ കൃഷിഭവൻ പരിധികളിലെ നെൽകൃഷിയിൽ വിവിധ കീടങ്ങളുടെയും Sheath Rot, Sheath Blight, False Smut എന്നീ കുമിൾ രോഗങ്ങളുടെയും ആക്രമണവും Low Temperature Stress, Drought എന്നിവയുൾപ്പെടെയുള്ള പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങൾ മൂലവും ഗുരുതരമായ വിളനാശം സംഭവിച്ചതായി Multi-Disciplinary Damage Assessment Team (MDDT) സന്ദർശനത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും, ബന്ധപ്പെട്ട പ്രദേശങ്ങളിൽ കൊയ്ത്ത് പൂർത്തിയായതിനാലും രോഗബാധ സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം നേരിട്ടതിനാലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ എയിംസ് (AIMS) പോർട്ടലിൽ First Information Report (FIR) രജിസ്റ്റർ ചെയ്യുന്നതിനും തുടർന്ന് കർഷകർക്ക് ഇൻഷ്വറൻസ് അപേക്ഷ സമർപ്പിക്കുന്നതിനും സാധിച്ചില്ലായെന്നും, ബന്ധപ്പെട്ട കർഷകർക്ക് യഥാർത്ഥത്തിൽ വിളനാശം സംഭവിച്ചിട്ടുണ്ടെന്നും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്നും പരാമർശം പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) മേൽ സാഹചര്യത്തിൽ, വയനാട് ജില്ലയിലെ വേങ്ങപ്പള്ളി, തരിയോട്, കോട്ടത്തറ,

പൊഴുതന, കണിയാമ്പറ്റ കൃഷിഭവൻ പരിധികളിലെ അർഹരായ നെൽകർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി, എയിംസ് പോർട്ടലിൽ FIR രജിസ്റ്റർ ചെയ്യുന്നതിനും തുടർന്ന് കർഷകർക്ക് ഇൻഷുറൻസ് അപേക്ഷ സമർപ്പിക്കുന്നതിനുമായി ആവശ്യമായ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം പ്രകാരം കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ വേങ്ങപ്പള്ളി, തരിയോട്, കോട്ടത്തറ, പൊഴുതന, കണിയാമ്പറ്റ കൃഷിഭവൻ പരിധികളിലെ അർഹരായ നെൽകർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി, എയിംസ് (AIMS) പോർട്ടലിൽ First Information Report (FIR) രജിസ്റ്റർ ചെയ്യുന്നതിനും, തുടർന്ന് ഇൻഷുറൻസ് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ സമയം ദീർഘിപ്പിച്ച് നൽകുന്നതിനും കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ടി വി ഐ.എ.എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി **(AGRI-AG3/105/2026-AGRI).**

ഉത്തരവിൻ പ്രകാരം

Digitally signed by
Pradeep M S
Date: 27-07-2026
10:18:27

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കൃഷി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്